4.	ഡെപ്യൂട്ടി സെക്രട്ടറി	9
5.	ജോയിന്റ് സെക്രട്ടറി	8
6.	അഡീഷണൽ സെക്രട്ടറി	7
7.	സ്പെഷ്യൽ സെക്രട്ടറി	1
8.	സെക്രട്ടറി	1

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് മാർഗ്ഗരേഖ

22(1827) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾക്ക് ക്യാബിനറ്റിന്റെ അംഗികാരമുണ്ടായിരുന്നോ ;

(ബി) പ്രസ്തുത മാർഗ്ഗരേഖകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അവ റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ലായിരുന്നു.

(ബി&സി) ചില മേഖലകളിൽനിന്നുണ്ടായ അഭിപ്രായത്തെത്തുടർന്ന് ഇതു സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് നടപ്പാക്കുന്നത് നിറുത്തിവെച്ചിരിക്കുകയാണ്.

ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

23(1828) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് സംബന്ധിച്ച തീരുമാനം പിൻവലിച്ചത് പരിഷ്ക്കരിച്ച് പുനഃപ്രസിദ്ധീകരണം നടത്തിയോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച തീരുമാനം എന്നത്തേക്ക് ഉണ്ടാകും ;

(സി) ഇതു സംബന്ധിച്ച തീരുമാനം വൈകാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly